# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **1086** | **28/4/2017** -ലെ മറുപടി

## മൈലം - തലവൂർ കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി.അയിഷാ പോറ്റി | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) മൈലം - തലവൂർ കുടിവെള്ള പദ്ധതി (എ) യുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ; | മൈലം തലവൂർ കുടിവെള്ള പദ്ധതിക്ക് 20 SLSSC -ൽ ഉൾപ്പെടുത്തി കേന്ദ്രസഹായത്തോടെ 2005 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത്. പദ്ധതിയുടെ കിണർ, റോ വാട്ടർ പമ്പിങ് മെയിൻ, 10.50 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാല, ക്ലിയർ വാട്ടർ പമ്പിങ് മെയിൻ, പൂക്കുന്നിമലയിലുള്ള 16.90 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതലജലസംഭരണി തുടങ്ങിയ പ്രധാന ഘടകങ്ങളെല്ലാം 'പട്ടാഴി, പട്ടാഴി-വടക്കേകര കുടിവെള്ള പദ്ധതി' ക്കും, 'മൈലം തലവൂർ കുടിവെള്ള പദ്ധതി' ക്കും പൊതുവായുള്ളതാണ്. ഇവയുടെ പണികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. കൂടാതെ പട്ടാഴി, തലവൂർ പഞ്ചായത്തുകളിൽ വിതരണശൃംഖല സ്ഥാപിച്ച്, ശുദ്ധജലവിതരണം ആരംഭിച്ചിട്ടുള്ളതും ഗാർഹിക കണക്ഷനുകൾ കൊടുത്തു തുടങ്ങുകയും ചെയ്തിട്ടുള്ളതുമാകുന്നു.<br><br>മൈലം തലവൂർ കുടിവെള്ള പദ്ധതിക്ക് മാത്രമായിട്ടുള്ള ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. തലവൂർ പിടവൂർ വില്ലേജ് സോൺ 1 ലും സോൺ 2 ലും വിതരണശൃംഖലക്കായി DI പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. |

2. തലവൂർ പിടവൂർ വില്ലേജ് സോൺ 1 ലും സോൺ 2 ലും വിതരണശൃംഖലക്കായി PVC പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്.

3. മൈലം പഞ്ചായത്തിൽ ആക്കാവിളയിലുള്ള 6.6 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല സംഭരണിയുടെ പണി പൂർത്തീകരിച്ചിട്ടുള്ളതാണ്.

4. പട്ടാഴി പൂക്കുന്നിമലയിലുള്ള ഉപരിതലജലസംഭരണിയിൽനിന്നും മൈലം പഞ്ചായത്തിലെ ആക്കാവിളയിലുള്ള ജലസംഭരണിയിലേക്കുള്ള 7.98 കി. മീ. ദൈർഘ്യമുള്ള പ്രധാന ജലവിതരണ കുഴലുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയിൽ 4 കി.മീ. പൈപ്പ് ഇതിനോടകം സ്ഥാപിച്ചുകഴിഞ്ഞു.

5. മൈലം പഞ്ചായത്തിൽ വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി - ആകെ 74 കി.മീ. വിതരണശൃംഖല സ്ഥാപിക്കേണ്ടതിൽ 13 കി.മീ. വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയുടെ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ അവശേഷിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവ പൂർത്തീകരിച്ച് പദ്ധതി പ്രവർത്തന സജ്ജമാക്കുന്നതെന്നാണെന്നും വ്യക്തമാക്കുമോ;

(സി) മൈലം പഞ്ചായത്തിൽ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

(ബി) & (സി) മൈലം തലവൂർ കുടിവെള്ള പദ്ധതിയിൽ ഇനി അവശേഷിക്കുന്നത് പട്ടാഴി പൂക്കുന്നിമലയിലുള്ള ഉപരിതലജലസംഭരണിയിൽ നിന്നും മൈലം പഞ്ചായത്തിലെ ആക്കാവിളയിലുള്ള ജലസംഭരണിയിലേക്കുള്ള 7.98 കി. മീ. ദൈർഘ്യമുള്ള പ്രധാന ജലവിതരണ കുഴലുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും മൈലം പഞ്ചായത്തിനുവേണ്ടിയുള്ള 74 കി.മീ. വിതരണശൃംഖലയുമാണ്. എന്നാൽ നിലവിലെ ഭരണാനുമതിക്കുള്ളിൽ നിന്നു കൊണ്ട് 7.98 കി.മീ. ദൈർഘ്യമുള്ള പ്രധാന ജലവിതരണകുഴലുകൾ സ്ഥാപിക്കുന്നതിനും മൈലം പഞ്ചായത്തിനുവേണ്ടിയുള്ള 74 കി. മീ.

വിതരണശൃംഖലയിൽ 13 കി.മീ. വിതരണ ശൃംഖലയും സ്ഥാപിക്കുന്നതിനുമുള്ള തുകയേ അവശേഷിക്കുന്നുള്ളൂ. 7.98 കി.മീ. ദൈർഘ്യമുള്ള പ്രധാന ജലവിതരണ കുഴലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുവരുന്നു. 4 കി.മീ. പൈപ്പ് ഇതിനോടകം സ്ഥാപിച്ചു കഴിഞ്ഞു. 13 കി.മീ. വിതരണശൃംഖല സ്ഥാപിക്കുന്നതിനുള്ള ജോലിയുടെ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. ബാക്കിയുള്ള 61 കി. മീ. വിതരണശൃംഖലക്കുവേണ്ടി 10.2 കോടി രൂപ മതിപ്പുചെലവു പ്രതീക്ഷിക്കുന്ന ഒരു പദ്ധതിയുടെ വിശദമായ എഞ്ചിനീയറിങ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ആയത് സർക്കാരിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. ഈ പ്രവൃത്തികളും കൂടി പൂർത്തിയായാൽ മാത്രമേ പദ്ധതി വിഭാവനം ചെയ്ത പ്രകാരം പൂർണ്ണമായും പ്രവർത്തന സജ്ജമാകുകയുള്ളൂ.

സെക്ഷൻ ഓഫീസർ